**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1102.** — **11.07.2011-ൽ മറുപടിക്ക്.**

## പുരാവസ്തുക്കൾ കൈമാറിയതുസംബന്ധിച്ച രേഖകൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി പഞ്ചായത്തിൽ മേക്കാലടി കരയിൽ അരങ്ങത്ത് വീട്ടിൽ ശ്രീ.എ.കെ. അലി തനിക്ക് ലഭ്യമായ പുരാവസ്തുക്കൾ പുരാവസ്തു വകുപ്പിന് കൈമാറിയതു സംബന്ധിച്ച രേഖകൾ ടിയാൾക്ക് നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും ഇത് എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | ശ്രീ. എ. കെ. അലിയിൽ നിന്നും പുരാവസ്തുക്കൾ ഏറ്റെടുത്തപ്പോൾ വിവരം പൊതുവായിട്ടുള്ള പട്ടികയിലാണ് രേഖപ്പെടുത്തിയത്. പ്രസ്തുത പുരാ വസ്തുക്കൾ ഏറ്റെടുത്തപ്പോൾ പ്രത്യേകമായ പട്ടിക തയ്യാറാക്കാത്തതും ഏറ്റെടുക്കൽ നടത്തിയ ഉദ്യോഗസ്ഥൻ പിന്നീട് സർവ്വീസിൽ നിന്നും വിരമിച്ചതിനാലുമാണ് ശ്രീ. എ.കെ. അലിയ്ക്ക് രേഖകൾ നൽകുന്നതിൽ താമസം നേരിടുന്നത്.<br><br>ശ്രീ. എ. കെ. അലിയിൽ നിന്നും ലഭിച്ച പുരാവസ്തുക്കൾ സംബന്ധിച്ച രേഖകൾ ഉടൻ തന്നെ ടിയാന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.